# St. Anne & Joachim



# ടച്ച് മീ

TOUCH ME

ജുലൈ 2024


30
Happy Anniversary
17-07-2024
Pearl Wedding Anniversary
Dr. Giju Baby Chungath
& Geena Giju
Chungath House, Nehru Nagar IIIrd Avenue
Kunnamkulam
Best Compliments From : Rhea | Austin | Neha



ESTD : 1747

# ടച്ച് മീ
TOUCH ME

## പാരിഷ് ബുള്ളറ്റിൻ


പുസ്തകം : 16 – 2024 ജൂലൈ – ലക്കം : 11

സെന്റ്. സെബാസ്റ്റ്യൻ കാത്തലിക് ചർച്ച്,
കുന്നംകുളം 680 503
(മറ്റം ഫൊറോന – തൃശ്ശൂർ അതിരൂപത)

kunnamkulamch@adtcr.org
www.touchmekkm.in


ST. SEBASTIAN R.C. CHURCH KUNNAMKULAM ★ESTD: 1747★


## എഡിറ്റോറിയൽ ബോർഡ്

ചീഫ് എഡിറ്റർ
**ഫാ. ഡെയ്സൻ മുണ്ടോപുറം**
96566 54567

എഡിറ്റർ
**ജോണി ബെഷോ**
93493 79009

സബ് എഡിറ്റേഴ്സ്
**സിസ്റ്റർ അൻസ ജോസ്** CMC
80869 50771

**M.K. ദേവസ്സി**
94953 28758

**ജോൺസൺ പാവു**
94476 54230

സെക്രട്ടറി, ഇടവക PRO
**V.C. ജോസി**
98470 17297
E-mail : vcjosy@gmail.com

ട്രഷറർ
**M.L. സുനിൽ**
98464 34411

അംഗങ്ങൾ
ഡോ. പോൾ C. റാഫേൽ 94467 22050
ജോയ്സി തോംസൺ തച്ചിൽ 81295 34205
ബിന്ദു രാജു 98478 31110
ആനന്ദി സുനിൽ 94958 55053

കൈക്കാരന്മാർ
**എം.എൽ. മാണി** 94463 91580
**ജോപോൾ വി. ആലപ്പാട്ട്** 94467 23804
**പോയ്സ് ജേബി** 99611 18927


## താളുകൾ മറിയ്ക്കുമ്പോൾ


| | |
|---|---|
| എഡിറ്റോറിയൽ | 2 |
| ഇടയമൊഴി | 3 |
| ഇടവക വാർത്തകൾ | 4 |
| വിശ്വാസപരിശീലനം | 7 |
| സഭാ വാർത്തകൾ | 9 |
| ഉണ്ണീശോയുടെ കൊച്ചുത്രേസ്യ | 11 |
| എങ്ങിനെ വിശുദ്ധരാകാം...? | 12 |
| കർമ്മലോത്തരീയം | 14 |
| പ്രതിനിധിയോഗ വാർത്തകൾ | 16 |
| കുടുംബകൂട്ടായ്മ സമ്മേളനങ്ങൾ | 17 |
| ദൈവത്തിന്റെ കണ്ണുകളുടെ നിറം | 18 |
| പരിശുദ്ധാത്മാവിലുള്ള വിശ്വാസം | 20 |
| സെന്റ് ജോസഫ് വാർഷികം | 22 |
| കാവാസാക്കി രോഗം | 23 |
| സെന്റ് ജോർജ്ജ് വാർഷികം | 24 |
| വഴിവിളക്ക് | 25 |
| പുസ്തകപരിചയം | 26 |
| മിഴിവിളക്ക് | 27 |
| പാചക കോർണർ | 28 |
| നിറംകൊടുക്കാമോ | 29 |
| ചിത്രശാല | 30 |
| അടിക്കുറിപ്പ് മത്സരം | 31 |
| വചന കലണ്ടർ | 32 |


## വിശുദ്ധ കുർബാന

**ഞായർ 6.00 am & 9.00 am**
**സാധാരണ ദിവസം 6.30 am**

## എഡിറ്റോറിയൽ...

ഓരോ മനുഷ്യനും ദൈവം ജന്മംകൊടുക്കുന്നത് തന്റെയുള്ളിൽ അവരെക്കുറിച്ച് നെയ്ത സ്വപ്നങ്ങൾ ഓർത്തുകൊണ്ടാണ്. അങ്ങനെ ദൈവത്തിന്റെ വിരൽത്തുമ്പിനാൽ രചിക്കപ്പെട്ട ഒരു ഉത്തമ കാവ്യമാണ് ദൈവമാതാവിന് ഉദരമൊരുക്കാൻ ജന്മംകൊണ്ട വി. അന്ന.

വി. അന്ന ഒരനുഗ്രഹമാണ്, കൃപയുടെ കൂടാരമാണ്. പുണ്യംനിറഞ്ഞ പാഥേയമാണ്. ദൈവതിരുമുമ്പിൽ അർപ്പിക്കപ്പെട്ട നൈവേദ്യമാണ്. അന്നയുടെ ജീവിതത്തിന്റെ വേരുകൾ ആഴപ്പെട്ടിരിക്കുന്നത് ഇസ്രായേൽ ചരിത്രത്തിലാണ്. ഇസ്രയേലിന്റെ തിരഞ്ഞെടുക്കപ്പെട്ടവരിലെ പ്രധാന കണ്ണിയാണ് വി. അന്ന. നിറഞ്ഞ പ്രത്യാശയോടും തീഷ്ണതയോടും കൂടി രക്ഷകനെ കാത്തിരുന്ന ഒരുത്തമയായ ഇസ്രായേൽ പുത്രി. വളരെ ചെറുപ്പം മുതലേ വിശുദ്ധ ജീവിതം നയിച്ചിരുന്ന അന്നയ്ക്ക് സഹനങ്ങൾ അന്യമായിരുന്നില്ല. തനിക്ക് ഒരു കുഞ്ഞ് ജനിക്കാതിരുന്നത് ദൈവശാപമായി കണക്കാക്കി ഏവരും അവളെ കുറ്റപ്പെടുത്തുകയും അപമാനിക്കുകയും ചെയ്ത നാളുകളിൽ അവളുടേത് ഉത്തരം ലഭിക്കാത്ത പ്രാർത്ഥനകളും പ്രത്യാശ നശിച്ച ജീവിതമായും മറ്റുള്ളവർ കണക്കാക്കി. എങ്കിലും അവൾ പ്രത്യാശിച്ചു. പ്രതീക്ഷയ്ക്ക് വകയില്ലാതിരുന്നിട്ടും കാത്തിരുന്നു. പരാതികളില്ലാതെ ഈ കാലയളവിലെല്ലാം അവളെ ദൈവം ഒരുക്കുകയായിരുന്നു. ശ്രേഷ്ഠമായ ഒരു ദൗത്യത്തിലേക്ക് ദൈവമാതാവിന്റെ അമ്മയാകുവാൻ അത് അവളെ കൂടുതൽ എളിമയുള്ളവളാക്കി. ഇന്ന് വി. അന്ന മക്കളില്ലാത്ത ദമ്പതികളുടെ, ഗർഭിണികളുടെ, അമ്മമാരുടെയൊക്കെ മദ്ധ്യസ്ഥയായി അവർക്ക് വേണ്ടി അവൾ അനുഗ്രഹം നേടികൊടുക്കുന്നു. വി. അന്നയുടെ മാധ്യസ്ഥം തേടി പ്രാർത്ഥിക്കുന്നവർക്ക് അവൾ ദൈവസന്നിധിയിൽ നിന്ന് അനുഗ്രഹങ്ങൾ നേടികൊടുക്കും. ജൂലൈ 26 വി. അന്നയുടെ തിരുനാളാണ്. വി.അന്നയോട് പ്രാർത്ഥിച്ച് നമുക്കും പുണ്യങ്ങൾ നേടാം. ദൈവം നമ്മെ അനുഗ്രഹിക്കട്ടെ.

ടച്ച് മീ
TOUCH ME
*എഡിറ്റോറിയൽ ബോർഡ്*



# ഇടയമൊഴി

പ്രിയ ഇടവക ജനമേ,

ജൂലൈ 3 നമ്മുടെ പിതാവായ മാർതോമാശ്ലീഹായുടെ ഓർമ്മയാചരിക്കുന്ന സുദിനം! നമ്മുടെ പൂർവ്വികരെ ക്രിസ്തീയ വിശ്വാസത്തിൽ ജനിപ്പിച്ച പിതാവ്! ദിദിമൂസ് എന്ന് വിളിക്കപ്പെടുന്ന വി. തോമയെക്കുറിച്ച് സമവീക്ഷണ സുവിശേഷങ്ങളിൽ പന്ത്രണ്ട് അപ്പസ്തോലന്മാരുടെ പേരുകൾ രേഖപ്പെടുത്തിയിരിക്കുന്നതിൽ ഉൾപ്പെടുത്തിയിരിക്കുന്നു എന്നതുകൂടാതെ വി. യോഹന്നാന്റെ സുവിശേഷത്തിൽ മൂന്നിടങ്ങളിലായി വി. തോമായെക്കുറിച്ച് പ്രതിപാദിക്കുന്നതിൽ നിന്ന് തോമാശ്ലീഹായുടെ ഏകദേശം സ്വഭാവം നമുക്ക് മനസ്സിലാക്കാൻ സാധിക്കും.

1. സത്യാന്വേഷിയായ തോമ (യോഹ. 14:5,6)
2. സത്യാശ്ലേഷിയായ തോമ (യോഹ 20:25,27,28)
3. സത്യത്തിനുവേണ്ടി മരിക്കുന്ന തോമ (യോഹ 11:6)

നാം തോമാശ്ലീഹായുടെ മക്കൾ ആണെങ്കിൽ ആ പിതാവിന്റെ സ്വഭാവം നമുക്കുൾക്കൊള്ളാം. അറിവില്ലായ്മ അംഗീകരിച്ചുകൊണ്ട് സത്യം അന്വേഷിക്കാനും, അറിഞ്ഞനുഭവിച്ച സത്യം നമ്മുടെ സ്വാർത്ഥതകളും മുൻവിധികളും ഉപേക്ഷിച്ച് അംഗീകരിക്കാനും സത്യത്തിന് വേണ്ടി മാത്രം ജീവിക്കാനും വേണ്ടിവന്നാൽ സത്യത്തിനുവേണ്ടി മരിക്കാനും തയ്യാറാകണം. അപ്പോൾ മാത്രമേ നമ്മൾ തോമാശ്ലീഹായുടെ മക്കളാകുകയുള്ളൂ.

വി. തോമാശ്ലീഹായുടെ ദുക്റാന തിരുനാളിന്റെ ആശംസകൾ ഏവർക്കും നേർന്നുകൊണ്ട്,

യേശുവിൽ സ്നേഹപൂർവ്വം
വികാരിയച്ചൻ
**ഫാ. ഡെയ്സൻ മുണ്ടോപുറം**

## ഇടവക വാർത്തകൾ

**ജൂലൈ 7 ഞായർ - വിശ്വാസ പ്രഘോഷണ റാലി**

| | |
|---|---|
| 10.30 am | : വിശ്വാസ പ്രഘോഷണ റാലി (നേതൃത്വം : തിരുബാലസഖ്യം) |

**ജൂലൈ 12 വെള്ളി - അഞ്ചാം വെള്ളിയാചരണം**

| | |
|---|---|
| 5.45 am | : ആരാധന, കരുണകൊന്ത |
| 6.30 am | : വി. കുർബാന, ലദ്ദീഞ്ഞ്, നൊവേന, നേർച്ചവിതരണം |

**ജൂലൈ 14 ഞായർ - ലയോള ക്വിസ്**

| | |
|---|---|
| 10.30 am | : കുടുംബകൂട്ടായ്മകൾക്കായുള്ള ലയോള ക്വിസ് (നേതൃത്വം : ജൂനിയർ സി.എൽ.സി.) |

**ജൂലൈ 16 ചൊവ്വ - യുവജനവർഷ യുവജന ധ്യാനം**

| | |
|---|---|
| 5.30 pm | : യുവജനങ്ങൾക്കായി യുവജനവർഷ യുവജനധ്യാനാരംഭം (നേതൃത്വം : യുവജനവർഷ കമ്മിറ്റി) |
| 8.30 pm | : യുവജനധ്യാന സമാപനം. |

**ജൂലൈ 19 വെള്ളി - ആറാം വെള്ളിയാചരണം**

| | |
|---|---|
| 5.45 am | : ആരാധന, കരുണകൊന്ത |
| 6.30 am | : വി. കുർബാന, ലദ്ദീഞ്ഞ്, നൊവേന, നേർച്ചവിതരണം. |

**ജൂലൈ 21 ഞായർ - ഇഗ്നേഷ്യൻ കളറിങ്ങ്**

| | |
|---|---|
| 10.30 am | : കുടുംബകൂട്ടായ്മകൾക്കായുള്ള ഇഗ്നേഷ്യൻ കളറിങ്ങ് (നേതൃത്വം : ജൂനിയർ സി.എൽ.സി.) |

**ജൂലൈ 26 വെള്ളി - ഏഴാം വെള്ളിയാചരണം**

| | |
|---|---|
| 5.45 am | : ആരാധന, കരുണകൊന്ത |
| 6.30 am | : വി. കുർബാന, ലദ്ദീഞ്ഞ്, നൊവേന, നേർച്ചവിതരണം |

**ജൂലൈ 27 ശനി - പ്രെയർ ഡേ**

| | |
|---|---|
| 5.30 pm | : അൾത്താരസംഘാംഗങ്ങളുടെ പ്രെയർ ഡേ & വി. അന്നയുടേയും വി. ജോവാക്കിമിന്റേയും തിരുനാൾ (നേതൃത്വം : അൾത്താര സംഘം) |

**ജൂലൈ 28 ഞായർ - ഷട്ടിൽ ടൂർണ്ണമെന്റ് & ഏയ്ഞ്ചൽസ് ഡേ**

| | |
|---|---|
| 10.30 am | : ഏയ്ഞ്ചൽസ് ഡേ കുമ്പസാരം |
| 2.00 pm | : യൂത്ത് സി.എൽ.സി. ദിനാചരണത്തിന് ഒരുക്കമായി കുടുംബ കൂട്ടായ്മകൾക്കായുള്ള ഷട്ടിൽ ടൂർണ്ണമെന്റ് (നേതൃത്വം : യൂത്ത് സി.എൽ.സി.) |

**ജൂലൈ 30 ചൊവ്വ - പ്രെയർ ഡേ**

5.30 pm : ജൂനിയർ സി.എൽ.സി. അംഗങ്ങളുടെ പ്രെയർ ഡേ & വി. ഇഗ്നേഷ്യൻ ലയോളയുടെ തിരുനാൾ
(നേതൃത്വം : ജൂനിയർ സി.എൽ.സി.)

**ജൂലൈ 31 ബുധൻ - ഇഗ്നേഷ്യൻ ഡേ & സി.എൽ.സി. കുടുംബസംഗമം**

5.30 pm : തിരുനാൾ കുർബ്ബാന & കുടുംബസംഗമം
(നേതൃത്വം : യൂത്ത് സി.എൽ.സി.)

**ആഗസ്റ്റ് 1 വ്യാഴം - മാതാവിന്റെ സ്വർഗ്ഗാരോപണ തിരുനാളിനും യൂത്ത് സി.എൽ.സി. ദിനാചരണത്തിനും ഒരുക്കമായ ഒരുക്കപ്രാർത്ഥനാ ശുശ്രൂഷ**

6.30 am : വി. കുർബാന
7.10 am : ഒരുക്കപ്രാർത്ഥനാശുശ്രൂഷ
(നേതൃത്വം : യൂത്ത് സി.എൽ.സി.)

NB : ആഗസ്റ്റ് 1 മുതൽ 14 ഉൾപ്പെടെയുള്ള ദിവസങ്ങളിൽ രാവിലെ വി. കുർബാനയ്ക്കുശേഷം മാതാവിന്റെ സ്വർഗ്ഗാരോപണതിരുനാളിനും യൂത്ത് സി.എൽ.സി. ദിനാചരണത്തിനും ഒരുക്കമായ ഒരുക്കപ്രാർത്ഥനാശുശ്രൂഷ ഉണ്ടായിരിക്കുന്നതാണ്.

**ആഗസ്റ്റ് 02 വെള്ളി - മാസാദ്യവെള്ളി & എട്ടാംവെള്ളിയാചരണം**

5.45 am : ആരാധന, കരുണകൊന്ത, തിരുഹൃദയത്തോടുള്ള പരിഹാര ജപം & തിരുഹൃദയ പ്രതിഷ്ഠ
6.30 am : വി. കുർബാന, ലദ്ദീഞ്ഞ്, നൊവേന, നേർച്ചവിതരണം

**ആഗസ്റ്റ് 03 ശനി - കപ്പേള ലദ്ദീഞ്ഞ് & നൊവേന**

6.30 pm : സെന്റ് മേരീസ് കപ്പേളയിൽ ലദ്ദീഞ്ഞ്, നൊവേന

**ജൂൺ മാസത്തിലെ ഞായറാഴ്ചകളിൽ ഒന്നാമത്തെ വി. കുർബാന ബൈബിൾ വാനയകൾക്കും കാറോസൂസ ശുശ്രൂഷയ്ക്കും നേതൃത്വം നൽകേണ്ട കുടുംബകൂട്ടായ്മകൾ**

| തിയ്യതി | കുടുംബകൂട്ടായ്മ |
|---|---|
| ജൂലൈ 07 ഞായർ | സെന്റ് സേവ്യർ കുടുംബകൂട്ടായ്മ |
| ജൂലൈ 14 ഞായർ | സെന്റ് ജോസഫ് കുടുംബകൂട്ടായ്മ |
| ജൂലൈ 21 ഞായർ | മേരിമാത കുടുംബകൂട്ടായ്മ |
| ജൂലൈ 28 ഞായർ | സെന്റ് ആന്റണി കുടുംബകൂട്ടായ്മ |

## കുന്നംകുളം സെന്റ് സെബാസ്റ്റ്യൻസ് ചർച്ച്
# വിശ്വാസപരിശീലന പി.ടി.എ. ഭാരവാഹികൾ



**റവ. ഫാ. ഡെയ്സൺ മുണ്ടോപുറം**
(ഡയറക്ടർ)
✆ 96566 54567



**എം. എൽ. സുനിൽ**
(പ്രസിഡണ്ട്)
✆ 98464 34411



**പി. എ. ലില്ലി**
(സെക്രട്ടറി, പ്രിൻസിപ്പാൾ)
✆ 98477 10315



**അനി ലിയോൺ**
(വൈസ് പ്രസിഡണ്ട്)
✆ 96050 04973



**ബബിത പോയ്സ്**
(ജോ: സെക്രട്ടറി)
✆ 94002 04140



**എം. ആർ. ആന്റോ**
(ട്രഷറർ)
✆ 94461 45737

***എക്സിക്യൂട്ടീവ് അംഗങ്ങൾ***




**വി. സി. ജോസി**
✆ 98470 17297



**കെ. ജി. ബാബു**
✆ 99619 99487



**ബെന്നി മാത്യു**
✆ 94966 23357



**സി.ഡി. ബിന്നി**
✆ 92497 87123



**ആനന്ദി സുനിൽ**
✆ 94958 55053



**റിയ മിക്കി**
✆ 94978 02788



**ബ്രദർ ജോർജ്ജ് മാർട്ടിൻ മേലേത്ത്**

## സ്വാഗതം

വിശ്വാസപരിശീലന അദ്ധ്യാപകനായി
സേവനം ചെയ്യുന്നതിന്
കുന്നംകുളം
സെന്റ് സെബാസ്റ്റ്യൻസ് ഇടവകയിലേക്ക്
കടന്നുവന്ന

**ബ്രദർ ജോർജ്ജ് മാർട്ടിൻ മേലേത്തിന്**

ഇടവകയിലേക്ക് സ്വാഗതം






പി. എ. ലില്ലി
(പ്രിൻസിപ്പാൾ)

## വിശ്വാസ പരിശീലനം

പ്രിയ കുഞ്ഞുങ്ങളേ,

എല്ലാവർക്കും സുഖമെന്നു കരുതുന്നു. പുതിയ ക്ലാസ്സിൽ പ്രവേശിച്ചിട്ട് ഒരു മാസം കഴിഞ്ഞു എല്ലാവർക്കും പുസ്തകങ്ങൾ കിട്ടി. നല്ല രീതിയിൽ പഠിച്ചു തുടങ്ങിയെന്ന് വിശ്വസിക്കുന്നു. കൃത്യസമയത്തുതന്നെ മിക്കവാറും കുട്ടികൾ വിശ്വാസപരിശീലനത്തിന് എത്തിച്ചേരുന്നുണ്ട്. അവർക്കും അവരെ ഒരുക്കി അയക്കുന്ന മാതാപിതാക്കൾക്കും പ്രത്യേകം അഭിനന്ദനങ്ങൾ!

ഒട്ടേറെ പരിപാടികളും മത്സരങ്ങളും നമുക്കായി നടത്തുന്നുണ്ട്. കുട്ടികൾ ഏറ്റവും സജീവമായി പങ്കെടുക്കുന്നതിൽ സന്തോഷമുണ്ട്. ഇനിയും അങ്ങനെതന്നെ തുടരണം.

മഴക്കാലമാണ്. ആരോഗ്യകാര്യങ്ങളിൽ ശ്രദ്ധിക്കാൻ മറക്കരുത്.

നമ്മുടെ നാട്ടിൽ വിശ്വാസത്തിന് അടിത്തറയിട്ട വിശുദ്ധ തോമാശ്ലീഹായുടെ ദുക്റാന തിരുനാളിന്റെ ആശംസകൾ എല്ലാവർക്കും നേർന്നുകൊണ്ട്.

സ്നേഹത്തോടെ,
ലില്ലിടീച്ചർ

## സംഘടന / സമിതി മീറ്റിംഗുകളുടെ ദിവസവും സമയവും

| | |
|---|---|
| ഒന്നാം ഞായർ രാവിലെ 7.30ന് | കുടുംബകൂട്ടായ്മ കേന്ദ്രസമിതി |
| ഒന്നാം ഞായർ രാവിലെ 10.30ന് | വിശ്വാസപരിശീലന അധ്യാപക സമിതി |
| ഒന്നാം ഞായർ വൈകീട്ട് 5.00ന് | അൾത്താരസംഘം |
| ഒന്നാം ബുധൻ വൈകീട്ട് 5.00ന് | പ്രാർത്ഥനാ ഗ്രൂപ്പ് |
| രണ്ടാം ഞായർ രാവിലെ 7.30ന് | കെ.എൽ.എം. |
| രണ്ടാം ഞായർ രാവിലെ 10.30ന് | യൂത്ത് സി.എൽ.സി. |
| രണ്ടാം ഞായർ വൈകീട്ട് 5.00ന് | ഗായകസംഘം |
| മൂന്നാം ശനി വൈകീട്ട് 8.00ന് | ടച്ച് മീ എഡിറ്റോറിയൽ ബോർഡ് |
| മൂന്നാം ഞായർ രാവിലെ 7.30ന് | ഇടവക പ്രതിനിധിയോഗം |
| മൂന്നാം ഞായർ രാവിലെ 10.30ന് | തിരുബാലസഖ്യം |
| മൂന്നാം ഞായർ രാവിലെ 10.30ന് | ജൂനിയർ സി.എൽ.സി. |
| മൂന്നാം ഞായർ വൈകീട്ട് 5.00ന് | ജീസസ് യൂത്ത് |
| നാലാം ഞായർ രാവിലെ 7.30ന് | കത്തോലിക്കാ കോൺഗ്രസ്സ് |
| നാലാം ഞായർ രാവിലെ 10.30ന് | മാതൃവേദി |
| നാലാം ഞായർ വൈകീട്ട് 5.00ന് | കെ.സി.വൈ.എം. |
| അഞ്ചാം ഞായർ രാവിലെ 7.30ന് | ഭക്തസംഘടന ഏകോപനസമിതി |
| അഞ്ചാം ഞായർ രാവിലെ 10.30ന് | റോസമിസ്റ്റിക്ക അൾത്താര ഡെക്കറേഷൻ സമിതി |



കുന്നംകുളം സെന്റ് സെബാസ്റ്റ്യൻസ് ചർച്ച്

## *സെന്റ് തോമസ് കുടുംബകൂട്ടായ്മ വാർഷികം*

**2024 ജൂലൈ 21 ഞായർ വൈകീട്ട് 6 മണിക്ക്**
**സെഹിയോൻ ശാലയിൽ** (ഇടവക പാരിഷ് ഹാൾ)

ഉദ്ഘാടനം : **റവ. ഫാ. ഡെയ്സൻ മുണ്ടോപുറം** (ഇടവക വികാരി)

***കലാപരിപാടികൾ*** ***സമ്മാനദാനം*** ***സ്നേഹവിരുന്ന്***

| പ്രസിഡണ്ട് | സെക്രട്ടറി | ട്രഷറർ |
|---|---|---|
| **പോയ്സ് ജേബി** | **ലാലി വിനയൻ** | **ലിയോൺ ജോർജ്ജ്** |

# 36th *HAPPY* Anniversary!

03-07-2024



## C.J. Paul & Jancy Paul

Chowalloor House
Pattambi Road - Kunnamkulam

# 21st

16-07-2024

# HAPPYY BIRTHDAY

## Christo C. Paul

S/o. C.J. Paul & Jancy Paul
Chowalloor House
Pattambi Road, Kunnamkulam




12
HAPPY
BIRTHDAY!
08-07-2024
Abin C.S.
S/o. Sibi C. Varghese & Simi Sibi
Chungath House
Chiralayam - Kunnamkulam
Best Compliments From
Appappa, Ammamma, Appa, Amma, Abina


ജൂലൈ 3
സെന്റ് തോമസ്
ഡേ
ഏവർക്കും ടച്ച്-മീയുടെ
ദുക്റാന തിരുനാൾ
ആശംസകൾ



# സഭാ വാർത്തകൾ

**മാർപാപ്പയുമായി പ്രധാനമന്ത്രി നരേന്ദ്രമോദി കൂടിക്കാഴ്ച നടത്തി**

റോം: ഫ്രാൻസിസ് മാർപാപ്പയുമായി പ്രധാനമന്ത്രി നരേന്ദ്ര മോദി കൂടിക്കാഴ്ച നടത്തി. തെക്കൻ ഇറ്റലിയിലെ അപുലിയ ജില്ല യിൽപെട്ട സാവെല്ലത്രി പട്ടണത്തിലെ ബോർഗോ എഗ്നാസിയ റി സോർട്ടിൽ നടക്കുന്ന ജി-7 ഉച്ചകോടിയുടെ സമ്മേളനത്തിനിടെയാ യിരുന്നു കൂടിക്കാഴ്ച. മാർപാപ്പയെ ഇന്ത്യാസന്ദർശനത്തിനായി പ്ര ധാനമന്ത്രി ക്ഷണിക്കുകയും ചെയ്തു. മാർപാപ്പയെ ആശ്ലേഷിച്ചാണ് പ്രധാനമന്ത്രി നരേന്ദ്രമോദി സൗഹൃദം പങ്കുവച്ചത്.

ജി-7 ഉച്ചകോടിയുടെ ഭാഗമായി മാർപാപ്പയുമായി താൻ കൂ ടിക്കാഴ്ച നടത്തിയെന്നും ജനങ്ങളെ സേവിക്കാനും ലോകത്തെ കൂ ടുതൽ മികച്ചതാക്കാനുമുള്ള അദ്ദേഹത്തിന്റെ പ്രതിബദ്ധതയെ താൻ ആദരിക്കുന്നതായും ഇന്ത്യ സന്ദർശിക്കാൻ മാർപാപ്പയെ ക്ഷണിച്ച തായും മോദി പിന്നീട് എക്സ് പ്ലാറ്റ്ഫോമിൽ കുറിച്ചു.

**വരുന്നു... ആമസോൺ പ്രൈമിൽ ദാവീദിന്റെയും ഗോലിയാത്തി ന്റെയും കഥ പറയുന്ന 'ഹൗസ് ഓഫ് ഡേവിഡ്'**

വാഷിംഗ്ടൺ ഡിസി: ബൈബിൾ സംഭവങ്ങളെ ആസ്പദമാ ക്കി 'ജീസസ് റെവല്യൂഷൻ' ഒരുക്കിയ ടീമിന്റെ പുതിയ ബൈബിൾ പരമ്പര അണിയറയിൽ പുരോഗമിക്കുന്നു. ദാവീദിന്റെയും ഗോലി യാത്തിന്റെയും കഥ പറയുന്ന 'ഹൗസ് ഓഫ് ഡേവിഡ്' എന്ന ബൈ ബിൾ പരമ്പരയുടെ അഭിനേതാക്കളെ തിരഞ്ഞെടുത്തു കഴിഞ്ഞതാ യി ഡയറക്ടർ ജോൺ എർവിൻ പറഞ്ഞു.

ജോൺ എർവിനും മുൻ നെറ്റ്ഫ്ലിക്സ് എക്സിക്യൂട്ടീവായ കെല്ലി മെറിമാൻ ഹൂഗ്സ്ട്രാറ്റനും ചേർന്ന് സ്ഥാപിച്ച വിശ്വാസാധി ഷ്ഠിത മൂല്യങ്ങളാൽ പ്രവർത്തിക്കുന്ന സിനിമാ സ്റ്റുഡിയോയായ ദി വണ്ടർ പ്രോജക്റ്റിൽ നിന്ന് പിറവിയെടുക്കുന്ന ആദ്യ സംരംഭമാണ് ഈ പരമ്പര.

ഈജിപ്ഷ്യൻ അമേരിക്കൻ നടൻ മൈക്കൽ ഇസ്കന്ദറാണ് ദാവീദായി വേഷമിടുന്നത്. സാവൂൾ രാജാവായി അലി സുലിമാൻ, സാമുവലായി സ്റ്റീഫൻ ലാങ്, ഗൊലിയാത്തായി മാർട്ടിൻ ഫോർഡ്, ദാവീദിന്റെ ഭാര്യമാരിൽ ഒരാളായ അഹിനോമായി ഇസ്രായേൽ നടി അയേലെറ്റ് സുറർ എന്നിവരും അഭിനയിക്കുന്നു.

## ഈ സല്യൂട്ട് മിഷനറിമാർക്കുള്ള രാജ്യത്തിന്റെ പ്രണാമം

ഡെറാഡൂൺ: ജൂൺ 8, 2024. ഡെറാഡൂണിലെ പ്രശസ്തമായ ഇന്ത്യൻ മിലിട്ടറി അക്കാദമിയിൽ പാസിംഗ് ഔട്ട് പരേഡ് നടക്കുകയാണ്. ഔദ്യോഗിക സ്ഥാനചിഹ്നങ്ങൾ മേലധികാരികളിൽ നിന്നും സ്വീകരിച്ച പട്ടാള ഉദ്യോഗസ്ഥൻ ദൃഢമായ കാൽവെപ്പുകളോടെ മാർച്ച് ചെയ്തു ഒരു ഫോട്ടോയ്ക്ക് മുൻപിലെത്തി സഗൗരവം സല്യൂട്ട് ചെയ്യുന്നു. ഫോട്ടോയിൽ തെളിഞ്ഞു നിൽക്കുന്ന ചിത്രം പൂഞ്ചിലെ ആദ്യകാല മിഷനറിയായിരുന്ന ഫാ. ജോസഫ് പൈകട സിഎംഐയുടേതാണ്. സല്യൂട്ട് ചെയ്തത് ഫാ. ജോസഫ് പൈകടയുടെ വിദ്യാർത്ഥിയായിരുന്ന രാഹുൽ കുമാർ എന്ന പട്ടാള ഉദ്യോഗസ്ഥനായിരുന്നു. അച്ചനായിരുന്നു ആ കൗമാരക്കാരന്റെ മുമ്പിൽ ലോകത്തിന്റെ വിശാലമായ വാതായനങ്ങൾ തുറന്നിട്ട് അവന്റെ മനസിൽ സ്വപ്നങ്ങൾ വിതച്ചത്.

ഒരു സാധ്യതയുമില്ലാതിരുന്ന എനിക്ക് ജീവിതത്തിൽ മുൻപോട്ട് പോകാനുള്ള വഴി കാണിച്ചുതന്ന, ഫീസ് വാങ്ങാതെ പഠിപ്പിച്ച ഈ മനുഷ്യസ്നേഹിയുടെ മുമ്പിലല്ലാതെ ആരുടെ മുമ്പിലാണ് ഈ അവസരത്തിൽ ഞാൻ സല്യൂട്ട് ചെയ്യേണ്ടതെന്നായിരുന്നു തുടർന്നു രാഹുൽ കുമാർ കണ്ഠമിടറി പറഞ്ഞത്.

## കുന്നംകുളം സെന്റ് സെബാസ്റ്റ്യൻ ചർച്ച്


## കെ.സി.വൈ.എം. എക്സിക്യൂട്ടീവ് കമ്മിറ്റി

*ഡയറക്ടർ*



റവ. ഫാ. ഡെയ്സൺ മുണ്ടോപുറം
✆ 96566 54567

*പ്രസിഡണ്ട്*



പി.കെ. കൃപദാസ്
✆ 70345 95049

*സെക്രട്ടറി*



വിജോൺ വിൽസൺ
✆ 96566 97859

*ട്രഷറർ*




അരുൺ ആന്റണി
✆ 97469 45554

*വൈസ് പ്രസിഡണ്ട്*



അജിൻ ആന്റോ
✆ 8089781231

*ജോ. സെക്രട്ടറി*



ജിതിൻ ജോയ്
✆ 80863 33353

*യൂത്ത് കൗൺസിലർ*



പ്രിലിൻ പ്രിൻസ്
✆ 79073 90468

*ക്യാപ്റ്റൻ*



അഖിൽ ആന്റണി
✆ 89213 66325

*വൈസ് ക്യാപ്റ്റൻ*



ഡെറിൻ ഡേവിസ്
✆ 97464 57304

*കോ-ഓഡിനേറ്റർ*



സി.ഡി. ബിന്നി
✆ 92497 87123

**ജൂനിയർ സി.എൽ.സി. പംക്തി**




# ഉണ്ണീശോയുടെ കൊച്ചുത്രേസ്യ

അന്ന ജോൺസൺ



ഉണ്ണീശോയെ കൊച്ചുനാൾ മുതൽ കൈപിടിച്ചവരാരും വിശുദ്ധരാവാതിരുന്നിട്ടില്ല എന്നതിന്റെ ഏറ്റവും നല്ല ഉദാഹരണമാണ് വി. കൊച്ചുത്രേസ്യ.

ഫ്രാൻസിൽ വിശുദ്ധ ദമ്പതികളായ ലൂയിമാർട്ടിന്റേയും സെലിഗ്വാറിന്റേയും ഒമ്പതാമത്തെ കുഞ്ഞായി 1873 ജനുവരി 2ന് കൊച്ചുത്രേസ്യ ജനിച്ചു. പക്ഷേ ആ കുടുംബത്തിൽ വെറും അഞ്ച് പെൺകുട്ടികൾക്കെ ഈ ലോകത്തിൽ ജീവിക്കാൻ സാധിച്ചുള്ളൂ. മാതാപിതാക്കളുടെ ദൈവഭക്തിയും വിശ്വാസവും സ്വാധീനിച്ചതുകൊണ്ടാകാം ആ അഞ്ച് പെൺകുട്ടികളും സമർപ്പിത ജീവിതം തെരഞ്ഞെടുത്തത്. തെരേസക്ക് 4 വയസ്സുള്ളപ്പോഴാണ് അമ്മ മരണമടഞ്ഞത്. അതോടെ ഉണ്ണീശോയെ സ്വന്തം കളിക്കൂട്ടുകാരനായി തെരേസ സ്വീകരിച്ചു. 1888 ഏപ്രിൽ 9ന് കർമ്മലീത്ത സഭയിൽ ചേർന്ന കൊച്ചുത്രേസ്യ 24 വർഷത്തെ സമർപ്പിത സേവനത്തിനുശേഷം 1897 സെപ്തംബർ 30ന് മരണമടഞ്ഞു. 1925ൽ 11-ാം പീയൂസ് മാർപാപ്പ തെരേസയെ വിശുദ്ധരുടെ പട്ടികയിലേക്ക് ഉയർത്തി. ഒരു ആഗോള മിഷണറിയാകാൻ ആഗ്രഹിച്ച തെരേസയെ 1928ൽ ആഗോള പ്രേഷിത പ്രവർത്തനങ്ങളുടെ മധ്യസ്ഥയായി പ്രഖ്യാപിച്ചു. ആധുനിക ലോകത്തിലെ ഏറ്റവും വലിയ വിശുദ്ധ എന്നാണ് പരിശുദ്ധ പിതാവ് 10-ാം പീയൂസ് പാപ്പ വി. കൊച്ചുത്രേസ്യയെക്കുറിച്ച് പറഞ്ഞിട്ടുള്ളത്. ആധുനിക ലോകത്തിന് വിശുദ്ധിയുടേയും ആത്മീയ വേർതിരിവിന്റേയും മാർഗം കാണിച്ചുതന്ന വിശുദ്ധ കൊച്ചുത്രേസ്യ നമുക്ക് മാതൃകയാകണം.



# എങ്ങിനെ വിശുദ്ധരാകാം...?

ബ്രദർ ജോർജ്ജ് മാർട്ടിൻ മേലേത്ത്

ചിലപ്പോഴൊക്കെ നമ്മൾ ഓർക്കും : എന്തൊരു ബുദ്ധിമുട്ടാണ് ഒരു വിശുദ്ധൻ അല്ലെങ്കിൽ ഒരു വിശുദ്ധയാകാൻ. ഒരു വിശുദ്ധനായി പ്രഖ്യാപിക്കപ്പെടാൻ അത്ര എളുപ്പമുള്ള കാര്യമല്ല, കാരണം അതിന് ഒത്തിരിയേറെ ഔപചാരികമായ കടമ്പകളുണ്ട്. കൂടാതെ ഒരു പ്രധാന അത്ഭുതവും നടക്കണം. ആത്മീയതലത്തിൽ ചിന്തിക്കുമ്പോൾ, ഒരു വിശുദ്ധനാകാൻ അത്ര ബുദ്ധിമുട്ടല്ല. ഒരുപക്ഷേ നാം സ്വന്തം ശക്തിയിലും കഴിവിലും ആശ്രയിച്ചാൽ അതു ബുദ്ധിമുട്ടാണ്, എന്നാൽ ദൈവകൃപയിൽ ആശ്രയിച്ചാൽ ഈ ലക്ഷ്യം അത്ര ആയാസകരമായിരിക്കുകയില്ല. ഈശോ നമുക്ക് ഇതിനുവേണ്ട ഊർജ്ജവും ധൈര്യവും നൽകും.

ഏത് ജീവിതാന്തസ്സായാലും ദൈവത്തിന് പ്രീതികരമായ രീതിയിൽ ജീവിക്കാൻ നമുക്ക് കഴിയണം ഫ്ളോറൻസ് നൈറ്റിംഗേലിനെ കുറിച്ച് നമ്മൾ കേട്ടിട്ടുണ്ടല്ലോ. നഴ്സിംഗ് എന്ന സേവനമേഖലയ്ക്കു തന്നെ തുടക്കം കുറിക്കാൻ കാരണമായത് ഫ്ളോറൻസിന്റേയും സന്നദ്ധ സേവകരുടേയും ദൃഢനിശ്ചയവും കഠിനാധ്വാനവുമാണ്.

യുദ്ധത്തിൽ ഫ്ളോറൻസും 38 സ്ത്രീകളും ആയിരങ്ങളുടെ ജീവൻ രക്ഷിച്ചും, രാവും പകലും മുറിവേറ്റ പടയാളികളെ വളരെ തീക്ഷ്ണതയോടെ ശുശ്രൂഷിച്ചു. അവൾ ഒരു വിളക്കുമായി രാത്രിയുടെ യാമങ്ങളിൽ ശുശ്രൂഷ ചെയ്തത് കൊണ്ടാണ് The Lady with the Lamp എന്ന വിളിപേർ കിട്ടിയത്. ഫ്ളോറൻസ് ഈ കാര്യങ്ങളെല്ലാം ദൈവമഹത്വത്തിനുവേണ്ടിയാണ് ചെയ്തിരുന്നത്.

Carlo Acutis നെ വിശുദ്ധ പദവിയിലേക്ക് ഉടനെ ഉയർത്തും എന്ന വാർത്ത നിങ്ങൾ വായിച്ചിട്ടുണ്ടാവാം. Carlo 7-ാം വയസ്സിൽ വിശുദ്ധ കുർബാന സ്വീകരിച്ചതിനുശേഷം അനുദിനം സക്രാരിക്കു മുന്നിൽ പ്രാർത്ഥിക്കുമായിരുന്നു. സക്രാരി കേന്ദ്രീകൃതമായ ജീവിതമാണ് കാർലോ നയിച്ചത്. നമ്മളെപോലെ ഒരു സാധാരണക്കാരൻ. സിനിമയിലും വീഡിയോ ഗെയിമിലും താല്പര്യമുണ്ടായിരുന്ന ന്യൂടെല്ല എന്ന ചോക്കളേറ്റ് സ്പ്രെഡ് വളരെ ഇഷ്ടമായിരുന്ന നമ്മളെ പോലെ തന്നെ ഒരു സാധാരണ മനുഷ്യൻ.

9-ാം വയസ്സിൽ തന്നെ അവൻ ഒരു കമ്പ്യൂട്ടർ ജീനിയസ്

ആയിരുന്നു. കോളേജ് ഐ.ടി. പാഠപുസ്തകങ്ങൾ പഠിക്കുന്നതായിരുന്നു അവന്റെ ഹരം. കമ്പ്യൂട്ടറിൽ വിദഗ്ദ്ധനായിരുന്നെങ്കിലും അവൻ ഈ കഴിവുകൾ ദൈവമഹത്വത്തിനു പ്രയോഗിച്ചു. ഇടവക വെബ്സൈറ്റ് ഉണ്ടാക്കാനും ദിവ്യകാരുണ്യ അത്ഭുതങ്ങളെ കുറിച്ചുള്ള അറിവ് ലോകത്തിന് പകർന്നുകൊടുക്കാനും അവൻ ഈ കഴിവുകൾ ഉപയോഗിച്ചു.

ഇന്റർനെറ്റും സാമൂഹിക മാധ്യമങ്ങളും പാപത്തിനു അനേകർ ദുരുപയോഗിക്കുന്ന കാലഘട്ടത്തിൽ കാർലോ ചെയ്ത സത്പ്രവർത്തികൾ വിശുദ്ധിയിൽ ജീവിക്കാൻ നമ്മെ പ്രോത്സാഹിപ്പിക്കുന്നു.

കാർലോ 15-ാമത്തെ വയസ്സിൽ ലുക്കീമിയ മൂലം മരണപ്പെട്ടു. തന്റെ സഹനങ്ങൾ മാർപാപ്പയ്ക്കും തിരുസഭയ്ക്കും വേണ്ടി അവൻ കാഴ്ചവെയ്ക്കുമായിരുന്നു.

നിങ്ങൾ പലരും വിശുദ്ധ Chira Luceയെ കുറിച്ച് കേട്ടിട്ടുണ്ടല്ലോ. 9-ാമത്തെ വയസ്സിൽ ഒരു പ്രാർത്ഥന കൂട്ടായ്മയ്ക്ക് പോയതിനുശേഷം അവൾ പ്രാർത്ഥനയ്ക്കും സത്പ്രവർത്തികൾക്കും കൂടുതൽ പ്രാധാന്യം കൊടുത്തു തുടങ്ങി. അവൾ ഇപ്രകാരം പറഞ്ഞു: ഞാൻ സുവിശേഷത്തെ റീഡിസ്കർ ചെയ്തു. ക്രിസ്തുവിനെ എന്റെ ജീവിതത്തിന്റെ ഏറ്റവും പ്രധാന ലക്ഷ്യമാക്കാൻ ഞാൻ ആഗ്രഹിക്കുന്നു. അവൾ സാധാരണ യുവതികളെപ്പോലെ കൂട്ടുകാരികളുടെ കൂട്ടത്തിൽ ഒത്തിരി സമയം ചെലവഴിച്ചു. ടെന്നീസ് കളിച്ചിരുന്നു. പുറത്തുപോകുന്നത് അവൾക്ക് ഇഷ്ടമായിരുന്നു. പക്ഷേ, അവളിൽ ഒരു വ്യത്യാസം ഉണ്ടായിരുന്നു. തന്റെ ജീവിതത്തിൽ ചിയാര തമ്പുരാന് ഒന്നാം സ്ഥാനം കൊടുത്തിരുന്നു. രോഗികളെ സന്ദർശിക്കാനും വൃദ്ധന്മാരെ ആശ്വസിപ്പിക്കാനും അവൾ സമയം കണ്ടെത്തി. കോളേജ് ഒന്നാം വർഷത്തിലെ പരീക്ഷയിലെ പരാജയം അവളെ ദുഃഖത്തിൽ ആഴ്ത്തിയെങ്കിൽ, തമ്പുരാനിൽ ശരണവും പ്രത്യാശയും വെച്ചുകൊണ്ട് അവൾ മുന്നേറി. 17-ാം വയസ്സിൽ അവളിൽ കാൻസർ നിർണ്ണയം നടത്തി. കീമോ തെറാപ്പിയുടെ പാർശ്വഫലമായി കാലുകളുടെ സ്വാധീനം നഷ്ടപ്പെട്ടപ്പോഴും അവളുടെ മുഖത്തൊരു പ്രത്യാശയുണ്ടായിരുന്നു. കാരണം ക്രിസ്തുവിനെ സ്വന്തം ആക്കിയവൾക്ക് ഒന്നിനും കുറവുണ്ടാകുകയില്ല.

ഒരു വിശുദ്ധൻ അല്ലെങ്കിൽ ഒരു വിശുദ്ധയാകാൻ ഈ ജീവിതാനുഭവങ്ങൾ നമുക്ക് പ്രചോദനവും ഉത്തേജനവും നൽകട്ടെ. അവനും അവൾക്കും ഒരു വിശുദ്ധനാകാമെങ്കിൽ എന്തുകൊണ്ട് എനിക്കായിക്കൂടാ...?



# കർമ്മലോത്തരീയം

സിസ്റ്റർ ജെസ്റ്റിന CMC

ജീവിതയാത്രയിൽ അന്ധകാരശക്തികൾക്കെതിരെ പടപൊരുതുവാൻ സ്വർഗം നൽകിയിരിക്കുന്ന ആയുധങ്ങളിലൊന്നാണ് ഉത്തരീയം (വെന്തിങ്ങ). മനുഷ്യകുലത്തോട് പരിശുദ്ധ അമ്മയ്ക്കുള്ള സ്നേഹവാത്സല്യത്തിന്റെ ഏറ്റവും മഹത്തായ ഒരു അടയാളമാണ് ഉത്തരീയം. ബെന്തിഞ്ഞോ എന്ന പോർച്ചുഗീസ് പദത്തിൽ നിന്നുമാണ് ഈ വാക്ക് ഉത്ഭവിച്ചത്. വെന്തിങ്ങ എന്ന പദത്തിനെ വിശുദ്ധം, ആശീർവദിക്കപ്പെട്ടത് എന്നാണർത്ഥം.

**കർമ്മലോത്തരീയ ഭക്തിയുടെ ചരിത്രം**

പതിമൂന്നാം നൂറ്റാണ്ടിൽ കർമ്മലീത്താ സഭയുടെ പ്രയോർ ജനറലായിരുന്നു വി. സൈമൺ സ്റ്റോക്ക്. എ.ഡി. 1251 ജൂലൈ 15ന് സഭയിലെ വലിയൊരു പ്രതിസന്ധിഘട്ടത്തിൽ പരിശുദ്ധ അമ്മയുടെ മധ്യസ്ഥം വിളിച്ചു പ്രാർത്ഥിച്ചു. പരിശുദ്ധ അമ്മ പ്രത്യക്ഷപ്പെട്ട് വിശുദ്ധ സൈമൺ സ്റ്റോക്കിന് 'ഉത്തരീയം' നൽകി. ഉത്തരീയം വിശ്വാസപൂർവ്വം ധരിക്കുന്നവർ നിത്യനരകാഗ്നിയിൽ വീഴുകയില്ലെന്ന് മാതാവ് അദ്ദേഹത്തിന് വാഗ്ദാനം നൽകുകയും ചെയ്തു. കൂടാതെ ഇത് ഒരു വിശ്വാസിക്ക് രക്ഷയുടെ അടയാളം ആയിരിക്കുമെന്ന് പരിശുദ്ധ അമ്മ അദ്ദേഹത്തോട് പറഞ്ഞു. ഇത് പരിശുദ്ധ അമ്മയുടെ ബാഹ്യവസ്ത്രമാകയാൽ, ഭക്തിയോടെ അതിലേറെ ഉത്സാഹത്തോടെ ഇതു ധരിക്കുവാനും, ഇത് ധരിക്കുമ്പോൾ വിശ്വാസികൾ തന്നെ ഓർക്കുകയും ധ്യാനിക്കുകയും ചെയ്യുന്നതായി അമ്മ കരുതുമെന്നും, ഇത് ധരിക്കുന്നവരെ അമ്മ ഓരോ നിമിഷവും ഓർക്കുകയും അവരുടെ കാര്യങ്ങളിൽ ശ്രദ്ധാലുവാകുകയും ചെയ്യുമെന്നും ഉറപ്പുനൽകി.

തുടർന്ന് 1322-ൽ പരിശുദ്ധ അമ്മ ഇരുപത്തിരണ്ടാമൻ യോഹന്നാൻ മാർപാപ്പക്ക് കാണപ്പെട്ട്, ഉത്തരീയം ധരിച്ച് മരിക്കുന്നവർക്ക് ഒരു പ്രത്യേക ആനുകൂല്യം കൂടെ നല്കികൊണ്ട് ഉത്തരീയ സഭയുടെ അംഗങ്ങളിൽ ആരെങ്കിലും ഇഹലോക ജീവിതാനന്തരം കാലത്തിനടുത്ത ശിക്ഷയ്ക്ക് വിധേയരായി ശുദ്ധീകരണ സ്ഥലത്ത് അടയ്ക്കപ്പെട്ടാൽ, അത് കഴിഞ്ഞ് വരുന്ന ശനിയാഴ്ച അവരുടെ മാതാവായ ഞാൻ എന്റെ പ്രിയ കുമാരനായ ഈശോയിൽനിന്ന് പ്രാപിച്ചിരിക്കുന്ന പ്രത്യേകാനുഗ്രഹം ഉപയോഗിച്ച് ശുദ്ധീകരണ സ്ഥലത്ത് ഇറങ്ങുകയും അവിടെ കാണപ്പെടുന്ന എന്റെ പ്രിയ മക്കളെ അവിടെനിന്ന് നിത്യജീവിതത്തിലേക്ക് നയിക്കുകയും

ചെയ്യും".

കർമ്മലോത്തരീയം നമ്മുടെ ആത്മരക്ഷയ്ക്ക് നമ്മെ സഹായിക്കുന്ന ഏറ്റവും വലിയ സമ്മനമായി പരിശുദ്ധ അമ്മ നമുക്ക് നൽകിയതാണ്. പഴമക്കാർ ഏറെ ഭക്തിയോടെ ഉത്തരീയം ധരിച്ചിരുന്നു. എന്നാൽ പുതുതലമുറ ഉത്തരീയം ധരിക്കുന്നതിൽ ഏറെ വീഴ്ച വരുത്തുന്നുണ്ട്. നമുക്ക് ഓർക്കാം ഉത്തരീയത്തിന്റെ ശക്തി, അങ്ങനെ ഭക്തിപൂർവ്വം പരിശുദ്ധ അമ്മ നൽകുന്ന ആത്മീയ ആയുധം നമുക്ക് അണിയാം. പരിശുദ്ധ അമ്മയുടെ സംരക്ഷണം നമുക്ക് ഏറ്റുവാങ്ങാം.


## കുന്നംകുളം സെന്റ് സെബാസ്റ്റ്യൻ ചർച്ച്
## മീഡിയ സെൽ

*ഡയറക്ടർ*



റവ. ഫാ. ഡെയ്സൺ മുണ്ടോപുറം
✆ 96566 54567

*പി. ആർ. ഒ.*



വി. സി. ജോസി
✆ 98470 17297

*അസി. പി. ആർ. ഒ.*




എബിൻ ബാബു
✆ 91888 06885

***അംഗങ്ങൾ***



അജിൻ ആന്റോ
✆ 80897 81231




ആൽഫിൻ റൊണാൾഡ്
✆ 95392 95195




അരുൺ ആന്റണി
✆ 97469 45554




അമൽ ദേവ്
✆ 95445 63215



മെൽവിൻ ജിജോ
✆ 89211 54867



രാഹുൽ സുരേഷ്
✆ 77366 00958



സെനിറ്റ് സുനിൽ
✆ 94976 55725



വി. എം. സാന്ദ്ര
✆ 94978 02788



വി. എം. സാനിയ
✆ 94978 02788

# പ്രതിനിധിയോഗ വാർത്തകൾ

1. യോഗത്തിൽ നടത്തുകൈക്കാരൻ ജോപോൾ വി. ആലപ്പാട്ട് സ്വാഗതം പറഞ്ഞു.
2. മെയ് മാസത്തെ വരവ് ചെലവ് കണക്കും റിപ്പോർട്ടും വായിച്ച് പാസ്സാക്കി.
3. ഇടവക ചെറിയ തിരുനാൾ പ്രവർത്തന റിപ്പോർട്ട് ജന. കൺവീനർ വർഗ്ഗീസ് ആന്റണി ആലപ്പാട്ട് അവതരിപ്പിച്ചു. കണക്ക് ഫിനാൻസ് കൺവീനർ എം.എൽ. സുനിൽ അവതരിപ്പിച്ചു. റിപ്പോർട്ടും കണക്കും യോഗം പാസാക്കി.
4. യുവജന വർഷ രൂപരേഖ കൺവീനർ സി.ഡി. ബിന്നി അവതരിപ്പിച്ചു യോഗം പാസ്സാക്കി.
5. ഇടവക പാക്ട് അജപാലന സമിതിയിലേക്ക് വി.സി. ജോസി, കെ.ജി. ബാബു, ലില്ലി ആന്റണി എന്നിവരെ തെരഞ്ഞെടുത്തു.
6. ഇടവക അനുരഞ്ജന സമിതിയിലേക്ക് തോംസൺ തച്ചിൽ, ജോസ്സി ഫ്രാൻസീസ്, ജാൻസി ആന്റോ എന്നിവരെ തെരഞ്ഞെടുത്തു.

## കുന്നംകുളം സെന്റ് സെബാസ്റ്റ്യൻ ചർച്ച്

## ഇടവക അനുരഞ്ജന സമിതി

*വികാരി*




റവ. ഫാ. ഡെയ്സൺ മുണ്ടോപുറം
✆ 96566 54567

*സമർപ്പിത പ്രതിനിധി*




സി. ആൻജോസ് CMC
✆ 94957 30695

*കൈക്കാരൻ പ്രതിനിധി*



എം. എൽ. മാണി
✆ 94463 91580

*ജന. കൺവീനർ*




കെ. പി. സെബാസ്റ്റ്യൻ
✆ 94466 27614

*ജോ. കൺവീനർ*




ജാൻസി ആന്റോ
✆ 98461 79169

***അംഗങ്ങൾ***



തോംസൺ തച്ചിൽ
✆ 95260 49420




ജോസ്സി ഫ്രാൻസീസ്
✆ 94470 68953



രാജു ബി. ചുങ്കത്ത്
✆ 98474 31110



പി.എ. ലില്ലി
✆ 98477 10315



പി.ജെ. കൃപദാസ്
✆ 70345 95049

## കുടുംബകൂട്ടായ്മ സമ്മേളനങ്ങൾ

| തിയ്യതി | സമയം | കുടുംബകൂട്ടായ്മ | വസതി |
|---|---|---|---|
| 07-07-2024 | 3.00 pm | സെന്റ് ജോസഫ് | ഡോ. ജിജു ബേബി ചുങ്കത്ത് (നെഹ്റു നഗർ, III$^{rd}$ അവന്യു) |
| 07-07-2024 | 4.00 pm | മേരി മാതാ | മഠത്തിപ്പറമ്പിൽ ലോനപ്പൻ ജോയ് (പോലീസ് ക്വാർട്ടേഴ്സിന് സമീപം) |
| 14-07-2024 | 3.00 pm | സെന്റ് ആന്റണീസ് | ചുങ്കത്ത് ജോണി ഭാര്യ റോസി (കക്കാട്) |
| 21-07-2024 | 3.00 pm | സെന്റ് ജോർജ്ജ് | കൂളക്കത്ത് ജോണി ജോയ് (യൂണിയൻ ഹാളിന് സമീപം) |
| 21-07-2024 | 4.00 pm | സെന്റ് സേവ്യർ | വേലൂക്കാരൻ ദേവസ്സി ശാന്ത (സെന്റ് സെബാസ്റ്റ്യൻ പള്ളിക്ക് സമീപം) |

## കുന്നംകുളം സെന്റ് സെബാസ്റ്റ്യൻ ചർച്ച്
## ഇടവക പാക്ട് & അജപാലന സമിതി

*വികാരി*



റവ. ഫാ. ഡെയ്സൺ മുണ്ടോപുറം
✆ 96566 54567

*സമർപ്പിത പ്രതിനിധി*




സി. ആൻജോസ് CMC
✆ 94957 30695

*കൈക്കാരൻ പ്രതിനിധി*



പോയ്സ് ജേബി
✆ 99611 18927

*ജന. കൺവീനർ*




വി.സി. ജോസി
✆ 98470 17297

*ജോ. കൺവീനർ*




ലില്ലി ആന്റണി
✆ 94001 62851


***അംഗങ്ങൾ***



കെ. ജി. ബാബു
✆ 99619 99487



എം. എൽ. മാണി
✆ 94463 91580



വർഗ്ഗീസ് ആന്റണി
✆ 93874 21881



പേൾജു ബി. ചുങ്കത്ത്
✆ 98470 31110



ആനന്ദി സുനിൽ
✆ 94958 55053



# ദൈവത്തിന്റെ കണ്ണുകളുടെ നിറം

**സിസ്റ്റർ അൻസ ജോസ് CMC**

നാലു വയസ്സ് തികയാത്ത ഒരു കുരുന്നു ബാലിക. അവൾ മമ്മിയുടെ അടുത്ത് കൂടി ഓരോന്നിനെക്കുറിച്ച് ഓരോരോ ചോദ്യം ചോദിക്കും. ആദ്യമൊക്കെ ചോദ്യങ്ങൾക്ക് ഉത്തരം പറയാൻ അവളുടെ മമ്മിക്ക് വലിയ തിടുക്കമായിരുന്നു. എന്നാൽ ചില ചോദ്യങ്ങളുടെ ഉത്തരം മമ്മിയുടെ പിടിയിൽ ഒതുങ്ങുമായിരുന്നില്ല. അവർ ചോദ്യങ്ങളിൽ നിന്ന് ഒഴിഞ്ഞുമാറാൻ നോക്കി. പക്ഷേ അവളുണ്ടോ പിന്മാറുന്നു. ഒരു മാലാഖയുടെ നിഷ്കളങ്കതയോടെ അവൾ മമ്മിയോട് ചോദിച്ചു "മമ്മീ, ദൈവത്തിന്റെ കണ്ണുകളുടെ നിറം എന്താണ്?" "നിന്റെയൊരു ചോദ്യം" എന്നു പറഞ്ഞ് മമ്മി ഉത്തരം കൊടുക്കാതെ ഒഴിഞ്ഞുമാറി. തന്റെ ചോദ്യത്തിനുള്ള ഉത്തരം കിട്ടാതെ അവൾ നിരാശപ്പെട്ടിരിക്കുമ്പോഴാണ് ഇടവക പള്ളിയിലെ കൊച്ചച്ചൻ അവിടേക്ക് കയറിച്ചെന്നത്. അച്ചനെ മുമ്പ് പരിചയം ഉണ്ടായിരുന്നതുകൊണ്ട് അവൾ അച്ചന്റെ അടുത്തേക്ക് ഓടിയെത്തി തന്റെ ചോദ്യം ആവർത്തിച്ചു; "ദൈവത്തിന്റെ കണ്ണുകളുടെ നിറം എന്താണ്? പറയൂ ഫാദർ". ഒരു നിമിഷം ആലോചിച്ചതിനുശേഷം കൊച്ചച്ചൻ പറഞ്ഞു. "നിന്റെ കണ്ണുകളുടെ നിറം തന്നെയാണ് ദൈവത്തിന്റെ കണ്ണുകളുടേയും നിറം." ഈ ഉത്തരം കേട്ടപ്പോൾ അവളുടെ സന്തോഷത്തിന് അതിരില്ലായിരുന്നു. അവൾ തുള്ളിച്ചാടി തന്റെ മമ്മിയുടെ പക്കലേക്കോടി. ഫാ. ജോസ് പന്തപ്ലാംതൊട്ടിയിൽ ജീവിതവിജയത്തിനായി നൽകിയ ഒരു കൊച്ചു കഥയാണിത്.

അതെ, ദൈവത്തിന്റെ കണ്ണുകളുടെ നിറം നമ്മുടെ കണ്ണുകളുടെ നിറം തന്നെയാണ്. ദേശ-വർഗ-വ്യത്യാസമനുസരിച്ച് നമ്മുടെ കണ്ണുകളുടെ നിറം ചിലപ്പോൾ നീലയോ കറുപ്പോ തവിട്ടോ ആയിരിക്കാം. പക്ഷേ ദൈവത്തിന്റെ കണ്ണുകളുടെ സ്നേഹത്തിന്റെ നിറം നമ്മുടെയെല്ലാം കണ്ണുകൾക്ക് ഉണ്ട് എന്നത് നാം ഒരിക്കലും മറന്നുപോകരുത്. അതുപോലെ നമ്മുടെ കണ്ണുകളിൽ നിറഞ്ഞുനിൽക്കുന്ന സ്നേഹത്തിന്റെ നിറം നമ്മുടെ ജീവിതത്തെ മുഴുവൻ ധന്യമാക്കും എന്ന കാര്യവും നാം വിസ്മരിക്കേണ്ട.

ജോബിന്റെ പുസ്തകം 34-ാം അധ്യായം 21-ാം വാക്യത്തിൽ പറയുന്നു. " അവിടുത്തെ കണ്ണുകൾ മനുഷ്യന്റെ വഴികളിൽ പതിയുന്നു. അവൻ ഓരോ അടിവയ്ക്കുന്നതും അവിടുന്ന് കാണുന്നു". എന്ന്, പ്രശസ്തനായ ജെയിംസ് കെല്ലർ ഇപ്രകാരം പറയുന്നു; നിങ്ങൾക്ക് സൂര്യനെപ്പോലെ പ്രകാശിക്കാൻ സാധിക്കുന്നില്ലെങ്കിൽ

ചന്ദ്രനെപ്പോലെ, അതും സാധിക്കുന്നില്ലെങ്കിൽ ഒരു മിന്നാമിനുങ്ങിനെപ്പോലെ പ്രകാശം പരത്തുക എന്ന്.

സ്നേഹമുള്ളവരെ, ഈശോയുടെ കാരുണ്യത്തിന്റെ മുഖം നമ്മുടെ കണ്ണുകളിലൂടെ അനേകർ ദർശിക്കട്ടെ. കരുണയുടെ സങ്കീർത്തനമായി മാറാൻ ദൈവ കരുണയിലേക്ക് അനേകരെ അടുപ്പിക്കാൻ നമുക്ക് ഓരോരുത്തർക്കും സാധിക്കണം. യേശുവിന്റെ ജീവിതത്തിലെ ഓരോ നിമിഷവും അവിടുത്തെ ഓരോ പ്രവൃത്തിയും വാക്കും നോക്കുമെല്ലാം പ്രകാശം ചൊരിയുന്നതായിരുന്നു. ഈശോയുടെ കുരിശുമരണത്തിലൂടെ കൈവന്ന മഹത്വവും അവിടുന്ന് ചൊരിഞ്ഞ പ്രകാശധോരണിയും അനേകർക്ക് പ്രകാശമേകി. നിരാശരായി മുക്കുവപ്പണിയിലേക്ക് തന്നെ തിരിച്ചുപോകാൻ ഒരുങ്ങിയ ശിഷ്യന്മാരിലേക്ക് യേശു ചൊരിഞ്ഞ പ്രകാശകിരണങ്ങൾ അവരെ പുതിയ മനുഷ്യരാക്കി. ഞാൻ ലോകത്തിന്റെ പ്രകാശമാകുന്നു. എന്നെ അനുഗമിക്കുന്നവൻ അന്ധകാരത്തിൽ നടക്കുന്നില്ല എന്ന അവിടുത്തെ വാക്കുകൾ അന്വർത്ഥമാക്കികൊണ്ട് ഈശോയുടെ ശിഷ്യന്മാർ യേശുവിന്റെ പ്രകാശം ലോകമെങ്ങും പരത്തി. നമ്മുടെ കണ്ണുകളും ഈശോയുടെ പ്രകാശം സ്വീകരിച്ച് സ്നേഹത്തിന്റെ കരുണയുടെ നന്മയുടെ വാത്സല്യത്തിന്റെ എളിമയുടെ പരിശുദ്ധിയുടെ സേവനത്തിന്റെ പ്രകാശം പരത്തുന്നവയായിരിക്കണം. അതിനായി ഉണർവോടെ പ്രാർത്ഥിക്കാം. മനുഷ്യന്റെ നൊമ്പരങ്ങൾ കാണാൻ ദീനരോദനങ്ങൾ കേൾക്കാൻ കണ്ണും കാതും നമുക്ക് തുറക്കാം. ദൈവം നമ്മെ അനുഗ്രഹിക്കട്ടെ.

# ആദരാഞ്ജലികൾ



തൃശൂർ അതിരൂപതാ വൈദികൻ

## റവ. ഫാ. സേവ്യർ പാണേങ്ങാടന്

കുന്നംകുളം സെന്റ് സെബാസ്റ്റ്യൻസ്
ഇടവക സമൂഹത്തിന്റേയും,
ടച്ച്–മീയുടെയും

ആദരാഞ്ജലികൾ...



# പരിശുദ്ധാത്മാവിലുള്ള വിശ്വാസം

റീന ടീച്ചർ

ഈശോയിൽ പ്രിയ സഹോദരരേ, (ലൂക്കാ 12:12) "എന്ത് ഉത്തരം കൊടുക്കുമെന്നും എന്തു പറയുമെന്നും ഉത്കണ്ഠാകുലരാകേണ്ട, എന്താണ് പറയേണ്ടത് എന്ന് ആ സമയത്ത് പരിശുദ്ധാത്മാവ് നിങ്ങളെ പഠിപ്പിക്കും. "ത്രിയേക ദൈവത്തിലെ മൂന്നാമനായ വ്യക്തിയാണ് പരിശുദ്ധാത്മാവ്. ഈശോ വ്യക്തമായി പറയുന്നു. അവിടുന്ന് മരിച്ച് സ്വർഗ്ഗത്തിലേക്ക് പോകുന്നില്ലെങ്കിൽ സഹായകനായ പരിശുദ്ധാത്മാവ് നിങ്ങളുടെ അടുത്തേക്ക് വരികയില്ലെന്ന്. ഇത് ഈശോയുടെ വാഗ്ദാനമാണ്; സത്യവുമാണ്. ആകയാൽ നിങ്ങൾ ഏതു മേഖലയിൽ ജോലി ചെയ്യുന്നവരായാലും പഠിക്കുന്നവരോ, ഇന്റർവ്യൂ അറ്റൻഡ് ചെയ്യുന്നവരോ, ഗൃഹനാഥയോ, ആരുമായിക്കൊള്ളട്ടെ പലപ്പോഴും എന്തുപറയണമെന്ന് അറിയാതെ വിഷമിച്ചിട്ടില്ലേ? (ലൂക്കാ 12:12) ൽ വിശ്വസിച്ച്, പരിശുദ്ധാത്മാവായ ദൈവം അദൃശ്യനായ ഒരു വ്യക്തിയായി കൂടെയുണ്ടെന്ന് വിശ്വസിച്ച്, ആവശ്യങ്ങളിൽ വിളിച്ചാൽ സഹായകനായി ഓടിയെത്തുന്നത് നമുക്ക് അനുഭവിക്കാൻ സാധിക്കും.

പ്രഭാഷകൻ (1:23)ൽ പറയുന്നു; ക്ഷമാശീലന് കുറച്ചുകാലത്തേക്കു മാത്രമേ സഹിക്കേണ്ടിവരൂ. അതുകഴിഞ്ഞാൽ അവന്റെ മുൻപിൽ സന്തോഷം പൊട്ടി വിടരും "പരിശുദ്ധാത്മാവിന്റെ ദാനങ്ങളാണ് ക്ഷമ, സഹനം, ആനന്ദം. അല്പകാലത്തെ ക്ഷമയോടെയുള്ള നമ്മുടെ സഹനങ്ങൾ നിത്യമായ ആനന്ദവും സന്തോഷവും, പരിശുദ്ധാത്മാവ് നൽകുമെന്ന് പ്രഭാഷകന്റെ പുസ്തകത്തിൽ വ്യക്തമാണ്. "ഞാൻ അവരുടെ വിലാപം ആഹ്ലാദമാക്കി മാറ്റും, അവരെ ദുഃഖമകറ്റി സന്തോഷിപ്പിക്കുകയും ആശ്വസിപ്പിക്കുകയും ചെയ്യും" (ജറെമിയ 31:13). ആശ്വാസദായകനായ പരിശുദ്ധാത്മാവ്, നമ്മുടെ ദുഃഖങ്ങളിൽ നമ്മെ സന്തോഷിപ്പിക്കാൻ നമ്മോടൊപ്പം ഉണ്ട് എന്ന പരമമായ സത്യം വിശ്വസിച്ചാൽ, നമുക്ക് യഥാർത്ഥ സന്തോഷവും സമാധാനവും, ഏതു പ്രതിസന്ധിയിലും അനുഭവിക്കാൻ സാധിക്കുന്നു.

ഏക സത്യദൈവത്തെയും, അവിടുന്ന് അയച്ച യേശുക്രിസ്തുവിനെയും അറിയുക എന്നതാണ് നിത്യജീവൻ. (യോഹന്നാൻ 17:3) പരിശുദ്ധാത്മാവിന്റെ ദാനങ്ങളിൽ ഒന്നാണ് അറിവ്. ദൈവ

ത്തെയും ദൈവപുത്രനെയും കുറിച്ച് അറിവ് നൽകി നിത്യജീവനിലേക്ക് നമ്മെ നയിക്കുന്ന പരിശുദ്ധാത്മാവിനെ, നന്ദിയും സ്തുതിയും അർപ്പിക്കേണ്ടത് നമ്മുടെ വിശ്വസ്തതയാകുന്നു. “പ്രലോഭനത്തിൽ അകപ്പെടാതിരിക്കാൻ ഉണർന്നിരുന്ന് പ്രാർത്ഥിക്കുവിൻ, ആത്മാവ് സന്നദ്ധമെങ്കിലും, ശരീരം ബലഹീനമാണ്.” (മാർക്കോസ് 14:38) സത്യാത്മാവായ പരിശുദ്ധാത്മാവും, ബലഹീനവും ദുർബലവുമായ ശരീരത്തെ പ്രലോഭനങ്ങളിൽ അകപ്പെടുത്തി നശിപ്പിക്കാൻ എപ്പോഴും സജ്ജമായിരിക്കുന്ന ദുരാത്മാവും, തമ്മിൽ യുദ്ധത്തിൽ ജയിക്കാൻ ഉണർന്നിരുന്ന് സ്തുതിച്ചും പ്രാർത്ഥിച്ചും പരിശുദ്ധാത്മാവിനെ ഉണർത്താൻ ഓരോ ക്രിസ്ത്യാനിയും ജാഗരൂകരാകണം.

ദരിദ്രരോട് ദയ കാണിക്കുന്നവർ കർത്താവിനാണ് കടം കൊടുക്കുന്നത്. അവിടുന്ന് ആ കടം വീട്ടും “(സുഭാ 19:17) ദയ, കരുണ, പരിശുദ്ധാത്മാവ് ദാനമായി തരുന്നതാണ്. ദയയുള്ളവർക്കേ മറ്റുള്ളവരോട് കരുണ തോന്നി സഹായിക്കാനും, സ്വന്തമെന്ന് കരുതി സ്നേഹിക്കാനും സാധിക്കുക. ദയയുള്ളവർ തിരിച്ചുകിട്ടുമെന്ന് ചിന്തിക്കാതെ കൊടുക്കുന്നു. ദൈവം ആ കടം മറ്റൊരു വഴിയിലൂടെ വീട്ടിൽ തരും, എന്ന് വചനം ഉറപ്പു നൽകുന്നു. ആകയാൽ കടം കൊടുക്കുന്നവൻ തിരിച്ച് കിട്ടുമെന്ന് പ്രതീക്ഷിക്കാതെ കടം കൊടുക്കുവിൻ, നീ കരുണ കാണിച്ചാൽ നീ ദൈവത്തിന്റെ ദയയ്ക്ക് അർഹനാകുന്നു. മാത്രമല്ല, കുലുക്കി നിറച്ച് അളന്ന് ധാരാളം സമ്പത്ത് നിന്റെ മടിയിൽ ഇട്ടുതരികയും ചെയ്യുന്നു. “സത്യസന്ധതയിൽ ചരിക്കുന്ന നീതിമാന്റെ പിൻതലമുറകൾ അനുഗ്രഹിക്കപ്പെട്ടതാണ്.” (സുഭാ 20:7) വിശ്വസ്തതയും സത്യസന്ധതയും പരിശുദ്ധാത്മാവിന്റെ കൃപാവരമാണ്. പിൻതലമുറ അനുഗ്രഹിക്കപ്പെടാൻ ദാനധർമ്മവും, സത്യസന്ധമായ ജീവിതവും, ഏറെ സഹായകമാണ്. അത് ദൈവത്തിന്റെ വാഗ്ദാനവുമാണ്.

പരിശുദ്ധ അമ്മ പരിശുദ്ധാത്മാവിനാൽ നിറഞ്ഞ് ഗർഭവതിയായി എന്നറിഞ്ഞിട്ടും, പതറാതെ പിടിച്ചുനിന്നത് ആ മൂന്നാമനായ വ്യക്തിയിലുള്ള വിശ്വാസവും, അറിവും ഒന്നുകൊണ്ടുമാത്രമാണ്. ആകയാൽ സഹോദരരേ പരിശുദ്ധാത്മാവിനെ, സ്വന്തമായി ഹൃദയത്തിൽ സ്തുതിച്ച്, സ്നേഹിച്ച്, എപ്പോഴും സഹായം അഭ്യർത്ഥിച്ച്, ജീവിതത്തിന്റെ ഭാഗമാക്കി ജീവിച്ചാൽ, നാം നിത്യമായ ആനന്ദത്തിൽ ലയിക്കുമെന്ന് ഓർമ്മിപ്പിച്ചുകൊണ്ട് നിർത്തുന്നു. ദൈവം നമ്മെ അനുഗ്രഹിക്കട്ടെ.

# സെന്റ് ജോസഫ് കുടുംബകൂട്ടായ്മ വാർഷികം





കുന്നംകുളം സെന്റ് സെബാസ്റ്റ്യൻ ഇടവകയിലെ സെന്റ് ജോസഫ് കുടുംബകൂട്ടായ്മ വാർഷിക ആഘോഷം 2024 മെയ് 26-ാം തിയ്യതി ഞായറാഴ്ച വൈകീട്ട് 6 മണിക്ക് പള്ളി പാരിഷ്ഹാളിൽ വെച്ച് പ്രസിഡന്റ് എം.ആർ. ആന്റോയുടെ അദ്ധ്യക്ഷതയിൽ കൂടി.

യോഗം ഇടവക വികാരി ഫാ. ഡെയ്സൺ മുണ്ടോപുറം ഉദ്ഘാടനം ചെയ്തു. പ്രാർത്ഥനയോടെ ആരംഭിച്ച യോഗത്തിൽ എക്സിക്യൂട്ടീവ് അംഗം മിനിപോൾ സ്വാഗതവും, സെക്രട്ടറി റീന ഭാസി വാർഷിക റിപ്പോർട്ടും അവതരിപ്പിച്ചു.

ബഹു. സിസ്റ്റർ സുപ്പീരിയർ സിസ്റ്റർ ആൻജോസ് സി.എം.സി., കൈക്കാരന്മാർ, മറ്റു യൂണിറ്റ് പ്രതിനിധികൾ, കുടുംബകൂട്ടായ്മ കേന്ദ്രസമിതി കൺവീനർ, ഭക്തസംഘടന ഏകോപന സമിതി കൺവീനർ, ഇടവക പി.ആർ.ഒ, ദേവാലയ ശുശ്രൂഷി എന്നിവർ ആശംസകൾ നേർന്നു സംസാരിച്ചു. ആശംസ പ്രസംഗങ്ങൾക്കിടയിൽ കുട്ടികളുടേയും മുതിർന്നവരുടേയും കലാപരിപാടികൾ അവതരിപ്പിക്കപ്പെട്ടു.

ഇടവകയുടെ കെ.എൽ.എം. സംഘടനയുടെ നേതൃത്വത്തിൽ നടന്ന ഷൂട്ട്ഔട്ട് മത്സരത്തിൽ പങ്കെടുത്ത് റണ്ണേഴ്സ് അപ്പ് ആയ നമ്മുടെ യുണിറ്റ് അംഗങ്ങളെ റോളിംഗ് ട്രോഫി നൽകി അനുമോദിച്ചു. കുടുംബകൂട്ടായ്മ അംഗങ്ങളുടെ സജീവ സാന്നിദ്ധ്യം വാർഷികത്തിന് മാറ്റുകൂട്ടി. സമ്മാനദാനത്തിന് ശേഷം വൈസ് പ്രസിഡന്റ് വർഗ്ഗീസ് കണ്ണനായ്ക്കൽ നന്ദി പറഞ്ഞു. സ്നേഹവിരുന്നിന് ശേഷം യോഗം സമാപിച്ചു.



# കാവസാക്കി രോഗം
## (Kawasaki Fever)

ഡോ. പോൾ സി. റാഫേൽ



ജന്മനാ വരുന്നതല്ലാതെ കുട്ടികളിൽ കാണപ്പെടുന്ന ഹൃദ്രോഗങ്ങളുടെ കാരണങ്ങളിൽ ഏറ്റവും പ്രധാനപ്പെട്ടതാണ് കാവസാക്കി രോഗം.

സാധാരണയായി അഞ്ചു വയസ്സിൽ താഴെയുള്ള കുട്ടികളിൽ ആണ് ഈ രോഗം കണ്ടുവരുന്നത്. 5 ദിവസത്തിൽ കൂടുതൽ നീണ്ടുനിൽക്കുന്ന ശക്തമായ പനി, കയ്യിലും, കാൽപാദങ്ങളിലും നീരു വരിക, ചുവന്ന് തിണർത്ത അടയാളങ്ങൾ കാണപ്പെടുക എന്നിവയാണ് ഈ രോഗത്തിന്റെ ആദ്യലക്ഷണങ്ങൾ.

ഇതിനോടൊപ്പം തന്നെ കണ്ണ് ചുവക്കുക, ചുണ്ടും, നാക്കും, തൊണ്ടയും ചുവന്നു വരുക, കഴുത്തിന്റെ വശങ്ങളിൽ കഴലവീക്കം വരുക എന്നീ ലക്ഷണങ്ങളും ഉണ്ടാകാം.

ചിലപ്പോഴൊക്കെ ഈ ലക്ഷണങ്ങൾ ശ്രദ്ധിക്കപ്പെടാതെ പോയേക്കാം. എന്നാൽ പുറത്ത് കാണാത്ത വളരെ ഗുരുതരമായ ചില സങ്കീർണതകൾ ഈ രോഗം മൂലം ഉണ്ടാകും. അത് ഹൃദയപേശികൾക്ക് രക്തം നൽകുന്ന ധമനികളിൽ ഉണ്ടാകുന്ന ചില മാറ്റങ്ങൾ ആണ്. ഹൃദയധമനികൾ വീർത്തുവരികയും ചിലപ്പോൾ അതിനുള്ളിൽ രക്തം കട്ടപിടിച്ച് മുതിർന്നവരിൽ ഹാർട്ട് അറ്റാക്കിന് സമാനമായ പ്രശ്നങ്ങൾ ഉണ്ടാവുകയും ഹൃദയമിടിപ്പ് പെട്ടെന്ന് നിന്നുപോകുന്ന മാരകമായ അവസ്ഥയിൽ എത്തുകയും ചെയ്യും.

മാതാപിതാക്കൾ അറിഞ്ഞിരിക്കേണ്ടത്, നീണ്ടു നിൽക്കുന്ന പനി ഉൾപ്പെടെ നേരത്തെ സൂചിപ്പിച്ച ലക്ഷണങ്ങൾ കണ്ടാൽ എത്രയും പെട്ടെന്ന് ഒരു ശിശുരോഗ വിദഗ്ധനെ കാണിക്കുക എന്നുള്ളതാണ്.

ആദ്യമേ രോഗനിർണ്ണയം നടത്തുകയാണെങ്കിൽ വളരെ ഫലപ്രദമായ മരുന്നുകൾ നൽകി ഹൃദയപേശികളുടെ രക്തസംക്രമണത്തെ ബാധിക്കുന്ന അവസ്ഥയെ ഏകദേശം പൂർണ്ണമായും ഒഴിവാക്കാൻ സാധിക്കുകയും ചെയ്യും.

# സെന്റ് ജോർജ്ജ് കുടുംബകൂട്ടായ്മ വാർഷികം




കുന്നംകുളം സെന്റ് സെബാസ്റ്റ്യൻ ഇടവകയിലെ സെന്റ് ജോർജ്ജ് കുടുംബകൂട്ടായ്മ വാർഷിക ആഘോഷം 2024 ജൂൺ 16-ാം തിയ്യതി ഞായറാഴ്ച വൈകീട്ട് 6 മണിക്ക് ഇടവക വികാരി ഫാ. ഡെയ്സൺ മുണ്ടോപുറം ഉദ്ഘാടനം ചെയ്തു. ലില്ലി ടീച്ചർ സ്വാഗതവും, സെക്രട്ടറി ഷോബി വാർഷിക റിപ്പോർട്ടും, വർഗ്ഗീസ് ആന്റണി വാർഷിക കണക്കുകളും അവതരിപ്പിച്ചു.

വികാരിയച്ചൻ ആരംഭിച്ച പുവർ ഫണ്ടിലേക്ക് സെന്റ് ജോർജ്ജ് യൂണിറ്റിന്റെ സംഭാവന പ്രസിഡണ്ട് ജോസ് വടക്കൂട്ട് വികാരിയച്ചന് കൈമാറി. ഹോളി ചൈൽഡ് കോൺവെന്റ് സിസ്റ്റർ ഡെൽന, ഇടവക കൈക്കാരനായ എം.എൽ. മാണി, പ്രതിനിധി യോഗം സെക്രട്ടറി തോംസൺ തച്ചിൽ, സെന്റ് ജോസഫ് കുടുംബ കൂട്ടായ്മ പ്രസിഡണ്ട് എം.ആർ. ആന്റോ, സെന്റ് സേവ്യർ കുടുംബ കൂട്ടായ്മ പ്രസിഡണ്ട് എം.എൽ. സുനിൽ, സെന്റ് ആന്റണീസ് കുടുംബ കൂട്ടായ്മ പ്രസിഡണ്ട് സി.എം. സാംസൺ, മേരി മാതാ കുടുംബ കൂട്ടായ്മ പ്രസിഡണ്ട് വി.ജെ. സുനിൽ, ഭക്തസംഘടന ഏകോപന സമിതി കൺവീനർ സി.ഒ. ആന്റണി എന്നിവർ ആശംസകൾ അർപ്പിച്ചു.

യൂണിറ്റിന്റെ അംഗങ്ങളുടെ വിവിധ കലാപരിപാടികൾ ഉണ്ടായിരുന്നു. എല്ലാവർക്കും സമ്മാനങ്ങൾ നൽകി. വൈസ് പ്രസിഡണ്ട് യോഗത്തിൽ നന്ദി പറഞ്ഞു. സ്നേഹവിരുന്നിനുശേഷം യോഗം സമാപിച്ചു.





For Holy Remembrance

9th DEATH ANNIVERSAY

31-07-2024

## P.P. Antony

*Pallipurath House*
*Kunnamkulam*
*(St. George Unit)*

*By : Sorrowing Family*

---



23-ാം
ചരമവാർഷികം
15-07-2024



കല്ലച്ചൻമുറി
വറീത്
## പൈലി

ജനനം
25 – 06 – 1915

മരണം
15 – 07 – 2001

സന്തപ്തകുടുംബാംഗങ്ങൾ


കുന്നംകുളം സെന്റ് സെബാസ്റ്റ്യൻ ചർച്ച്
ഇടവക ചെറിയ തിരുനാൾ
കക്കാട് സെന്റ് ആന്റണീസ് കപ്പേളയിൽ











# വഴിവിളക്ക്

## അപ്പസ്തോലന്മാർ

വി. പീലിപ്പോസ്

| | | |
|---|---|---|
| പേരിന്റെ അർത്ഥം | - | കുതിരയുടെ സ്നേഹിതൻ |
| മറ്റുനാമങ്ങൾ | - | ഒന്നുംതന്നെയില്ല |
| ഗോത്രം | - | ആശിർ |
| സ്വദേശം | - | ബേത്സയ്ദാ |
| ചിഹ്നം | - | ഒരു സ്തംഭം |
| തൊഴിൽ | - | മീൻപിടുത്തം |
| സുവിശേഷപ്രഘോഷണം | - | സമരിയ, കേസറിയ ഹൈരാപ്പോളീസ് |
| ഓർമ്മദിനങ്ങൾ | - | പൗരസ്ത്യ: നവംബർ 14 പാശ്ചാത്യ : മെയ് 3 |

***സന്ദേശം***

ശ്ലീഹന്മാരുടെ ഭക്ഷണകാര്യങ്ങൾ ക്രമപ്പെടുത്തിയിരുന്നത് വി. പീലിപ്പോസാണ്. നാഥാനിയേലിനെയും ഗ്രീക്കുജനതയെയും ഈശോയിലേക്കു നയിച്ച പീലിപ്പോസ് പ്രേഷിത പ്രവർത്തകർക്ക് ഉത്തമ മാതൃകയാണ്. ഗ്രീക്കുകാർ ഈശോയെ കാണുവാൻ ആഗ്രഹിച്ചതുപോലെ ലോകർ മുഴുവനും ദൈവത്തെ കാണാനുള്ള ആത്മീയ വിശപ്പ് സഹിച്ചുകൊണ്ടിരിക്കയാണിന്ന്. അതിനാൽ ലോകത്തിന് ദൈവപിതാവിനെ കാട്ടികൊടുക്കാൻ പീലിപ്പോസിനെപ്പോലെ നമുക്കെല്ലാം ഈശോയുടെ പ്രേഷിതരായി വർത്തിക്കാം. വി. പീലിപ്പോസ് ദൈവസ്നേഹമാണ് തീവ്രമായി ആഗ്രഹിച്ചിരുന്നത്. പിതാവിനെ കണ്ടാൽ അദ്ദേഹത്തിന് തൃപ്തിയാകുമായിരുന്നു. എന്താണ് നമ്മുടെ മനോഭാവം?

തയ്യാറാക്കിയത്
കുടുംബകൂട്ടായ്മ കേന്ദ്രസമിതി
കുന്നംകുളം



**അനുമോദനങ്ങൾ**

മെയ് മാസത്തിൽ ഇടവകയിലെ
മികച്ച അൾത്താരബാലനായി
തെരഞ്ഞെടുത്ത

**തെക്കേക്കര ലെവിൻ ലിയോണിന്**

***ഇടവകയുടേയും ടച്ച്മീയുടേയും***
***അനുമോദനങ്ങൾ***

# ഇടവക ആൽബം 2024 ജൂൺ



അദ്ധ്യായന വർഷ ആരംഭ ഏകദിന ധ്യാനം

വിശ്വാസ പരിശീലന
അദ്ധ്യായന വർഷം ആരംഭം





പി.ടി.എ ജനറൽ ബോഡി



പ്രാർത്ഥനാ ഗ്രൂപ്പ് ദിനം

ജൂബിലേറിയൻസ് ഡേ





പരിസ്ഥിതി ദിനാചരണം



ഇടവക ചെറിയ തിരുനാൾ



പച്ചക്കറി വിത്ത്
കിറ്റ് വിതരണം



ലഹരി വിരുദ്ധ ദിനം

## മിഴിവിളക്ക്

# മാർപാപ്പമാർ

**9-ാം നൂറ്റാണ്ട്**

97. വി. ലെയോ III (759-816)
98. സ്റ്റീഫൻ V (816-817)
99. വി. പാസ്കൽ I (817-824)
100. എവുജിൻ II (824-827)
101. വാലന്റെൻ (827-827)
102. ഗ്രിഗറി IV (827-844)
103. സെർജിയസ് II (844-847)
104. വി. ലെയോ IV (847-855)
105. വി. ബെനഡിക്ട് III (855-856)
106. വി. നിക്കോളസ് (858 - 867)
107. ഹഡ്രിയാൻ I (867-872)
108. ജോൺ VIII (872-882)
109. മാരിനസ് I (882-884)
110. വി. ഹഡ്രിയാൻ II (884-885)
111. സ്റ്റീഫൻ VI (885-891)
112. ഫൊർമോസസ് (891-896)
113. ബോനിഫസ് VI (896-896)
114. സ്റ്റീഫൻ VII (896-897)
115. റോമാനസ് (897-897)
116. തെയോദോർ II (897-897)
117. ജോൺ IX (898-900)

**10-ാം നൂറ്റാണ്ട്**

118. ബനഡിക്ട് IV (900-903)
119. ലെയോ (903-903)
120. സെർജിയസ് (904-911)
121. അനസ്താസിയസ് (911-913)
122. ലാൻഡോണസ് (913-914)
123. ജോൺ (914-928)
124. ലെയോ (928-928)
125. സ്റ്റീഫൻ (928-931)
126. ജോൺ (931-935)
127. ലെയോ (938-939)
128. സ്റ്റീഫൻ IX (939-949)
129. മാരിനസ് II (942-946)
130. അഗാപ്പിറ്റസ് II (946-955)
131. ജോൺ XII (955-964)
132. ലെയോ VIII (964-965)
133. ബനഡിക്ട് V (965-966)
134. ജോൺ XIII (966-972)
135. ബനഡിക്ട് VI (973-974)
136. ബനഡിക്ട് VII (974-983)
137. ജോൺ XIV (983-984)
138. ജോൺ XV (985-986)
139. ഗ്രിഗറി V (987-999)

***വിചിന്തനം :*** പുരോഹിതന് ഈശോ പ്രകാരം എന്നെ നന്നായി എനിക്കുതന്നെ കാണാൻ, ഓരോരുത്തരേയും അവരായിരിക്കുന്ന അവസ്ഥയിൽ കാണാൻ, അയൽക്കാരനെ കാണാൻ, ലോകത്തെയും അതിലെ വസ്തുക്കളെയും കാണാൻ, സഭയേയും അതിന്റെ സ്വർഗ്ഗീയ നന്മകളേയും കാണാൻ, കാലത്തെയും അതിന്റെ പ്രതിഭാസങ്ങളേയും കാണാൻ, ആനുകാലിക സംഭവങ്ങളെ നിഷ്പക്ഷമായി കാണാൻ... ഇതിനെല്ലാം പുരോഹിതന്റെ കണ്ണിൽ "ഈശോ" പ്രകാശമായിരിക്കണം.

മിഴികൾ തെളിയട്ടെ.... ദൈവവിളി ഉണരട്ടെ...

തയ്യാറാക്കിയത്
ഭക്തസംഘടന ഏകോപനസമിതി, കുന്നംകുളം

പാചക കോർണർ

# മത്തങ്ങ ഹൽവ

ബിന്ദു രാജു



| | |
|---|---|
| തൊലികളഞ്ഞ് വൃത്തിയാക്കിയ മത്തങ്ങ | - 3 കിലോ |
| പഞ്ചസാര | - 1 കിലോ |
| ഡാൽഡ | - 150 ഗ്രാം |
| പാൽ | - 1/2 ലിറ്റർ |
| അണ്ടിപ്പരിപ്പ് | - 100 ഗ്രാം |
| ഉണക്കമുന്തിരി | - 100 ഗ്രാം |
| ഏലക്കാപൊടി | - അര ചെറിയ കരണ്ടി |

തയ്യാറാക്കുന്ന വിധം

മത്തങ്ങ ആവിയിൽ വേവിച്ച് ഉടച്ച് പഞ്ചസാര ചേർത്ത് ഉരുളിയിൽ അടുപ്പത്ത് വെച്ച് ഇളക്കി ഒരുവിധം വെള്ളം പറ്റിയാൽ പകുതി അണ്ടിപരിപ്പ് പാലിൽ അരച്ചു ചേർത്തു ഇതിൽ ഒഴിക്കുക. കുറച്ചു വറ്റികഴിയുമ്പോൾ ബാക്കി അണ്ടിപ്പരിപ്പ് നുറുക്കിയതും ഉണക്കമുന്തിരിയും ചേർത്ത് ഇളക്കി ഉരുണ്ടു തുടങ്ങുമ്പോൾ ഏലക്കപൊടിയും ചേർത്ത് ഇളക്കി ഒരു പരന്ന പാത്രത്തിൽ പരത്തി ചൂടാറുമ്പോൾ മുറിച്ച് ഉപയോഗിക്കാം.

# തേനപ്പം

ബിന്ദു രാജു



| | |
|---|---|
| നേർത്ത പച്ചരി പൊടി | - 1 നാഴി |
| പപ്പടം | - 10 എണ്ണം |
| വെളിച്ചെണ്ണ | - അപ്പം മുങ്ങിക്കിടക്കാൻ |
| പഞ്ചസാര | - 1/2 കിലോ |

തയ്യാറാക്കുന്ന വിധം

പപ്പടം കുതിർത്തു വെയ്ക്കണം. കുതിർത്ത ശേഷം അരിപ്പൊടിയിൽ കുട്ടികുഴച്ചു വെയ്ക്കുക. പിറ്റേദിവസം പാകമാക്കിയ മാവ് കണ്ണൻ ചിരട്ടയുടെ കണ്ണുകുത്തി ഓട്ടയിൽ കൂടി തിളച്ച വെളിച്ചെണ്ണയിൽ രണ്ടുമൂന്ന് പ്രാവശ്യം ചുറ്റി ഒഴിക്കണം. മൂത്താൽ കോരിയെടുക്കുക. അരകിലോ പഞ്ചസാര പാനിയാക്കണം. ചൂടോടെ അപ്പം തണുത്ത പാനിയിൽ മുക്കുക.

ചിൽഡ്രൻസ് കോർണർ

# നിറം കൊടുക്കാമോ

ഈ ചിത്രത്തിന് നിറം കൊടുത്ത് പേരും,ക്ലാസ്സും, യൂണിറ്റും, ഫോൺ നമ്പറും എഴുതി ടച്ച്മീ ബോക്സിൽ 15–ാം തിയ്യതിക്ക് മുമ്പ് നിക്ഷേപിക്കുക

(ഈ മത്സരം 7–ാം ക്ലാസ്സ് വരെയുള്ള വിദ്യാർത്ഥികൾക്ക് മാത്രം)



പേര് : ........................................................................................ ക്ലാസ്സ് : ......................

കുടുംബകൂട്ടായ്മ : ........................................... ഫോൺ നമ്പർ :.......................................

**കഴിഞ്ഞ ലക്കം നിറം കൊടുക്കാമോ വിജയി**

Delna Joshy, Class : II , St. Joseph Kudumbakoottayma

ചിൽഡ്രൻസ് കോർണർ

# ചിത്രശാല

ചിത്രരചന ലളിതമായി... ഘട്ടംഘട്ടമായി...



ചിൽഡ്രൻസ് കോർണർ

# അടിക്കുറിപ്പ് മത്സരം

**ഈ ചിത്രത്തിന് അടിക്കുറിപ്പെഴുതി പേരും, ക്ലാസ്സും, യൂണിറ്റും ഫോൺ നമ്പറും എഴുതി ടച്ച് മീ ബോക്സിൽ 15-ാം തിയ്യതിക്ക് മുമ്പായി നിക്ഷേപിക്കുക**

(ഈ മത്സരം 7-ാം ക്ലാസ്സ് വരെയുള്ള വിദ്യാർത്ഥികൾക്ക് മാത്രം)



പേര് : .................................................................................................. ക്ലാസ്സ് : ......................

കുടുംബകൂട്ടായ്മ: ................................................ ഫോൺ നമ്പർ :..................................



**കഴിഞ്ഞ ലക്കം അടിക്കുറിപ്പ് മത്സരം വിജയി**

**Greyson Lolac P.B.**

Std : IV, St. Antony's Kudumbakoottayma

"ഇങ്ങ് അടിച്ച് കേറി വാ
നമുക്ക് ഇനി പഠിക്കാം"

# വചന കലണ്ടർ

## 2024 JULY ജൂലൈ

| ഞായർ | തിങ്കൾ | ചൊവ്വ | ബുധൻ | വ്യാഴം | വെള്ളി | ശനി |
|---|---|---|---|---|---|---|
| | **1**<br>എഫേ 1:3–14<br>മത്താ 3:4–12 | **2**<br>തീത്തോ 3:1–7<br>യോഹ 31–12 | **3**<br>ഉത്പ 2:8–17<br>സുഭാ 4:10–18<br>എഫേ 2:19–22<br>യോഹ 20:24–29 | **4**<br>ഹെബ്രാ 3:7–19<br>മത്താ 16:1–12 | **5**<br>2 കോറി 6:1–10<br>ലൂക്കാ 10:1–12<br>17–20 | **6**<br>റോമാ 14:13–19<br>യോഹ 16:16–24 |
| **7**<br>ഉത്പ 35:23–29<br>ജോഷ്വ 4:1–9<br>വെളി 21:9–21<br>മത്താ 10:1–15 | **8**<br>എഫേ 2:11–22<br>മത്താ 16:13–20 | **9**<br>ഗലാ 1:10–16<br>യോഹ 4:31–38 | **10**<br>1 തിമോ 4:12–16<br>ലൂക്കാ 12:41–48 | **11**<br>റോമാ 8:12–17<br>മത്താ 5:1–12 | **12**<br>ഗലാ 1:6–10<br>ലൂക്കാ 1:67,<br>76–80 | **13**<br>ഫിലി 1:19–26<br>യോഹ 11:1–16 |
| **14**<br>നിയ 28:1–14<br>പ്രഭാ 10:19–25<br>റോമാ 11:17–24<br>യോഹ 15:1–8 | **15**<br>കൊളോ 1:1–8<br>യോഹ 15:9–17 | **16**<br>2 കോറി 1:3–7<br>ലൂക്കാ 11:24–28 | **17**<br>1 തെസ 5:12–22<br>ലൂക്കാ 17:11–19 | **18**<br>ഗലാ 6:6–10<br>മത്താ 21:18–22 | **19**<br>1 കോറി 3:5–11<br>യോഹ 14:1–11 | **20**<br>റോമാ 15:30–33<br>മത്താ 7:7–11 |
| **21**<br>റൂത്താ 1:6–18<br>പ്രഭാ 33:7–13<br>റോമാ 12:3–8<br>ലൂക്കാ 10:38–42 | **22**<br>റോമാ 8:35–39<br>യോഹ 20:1–18 | **23**<br>1 കോറി 7:1–7<br>മത്താ 19:3–12 | **24**<br>റോമാ 12:14–21<br>യോഹ 13:1–15 | **25**<br>1 കോറി 4:6–15<br>മത്താ 20:20–28 | **26**<br>ഹെബ്രാ 11:8–12<br>മത്താ 1:1–16 | **27**<br>ഗലാ 2:19–21<br>യോഹ 12:20–26 |
| **28**<br>നിയ 6:1–9<br>എസെ 3:16–21<br>2 തെസ 2:13–17<br>മത്താ 13:44–52 | **29**<br>1 യോഹ 4:7–16<br>യോഹ 11:17–26 | **30**<br>1 കോഫി 1:10–17<br>യോഹ 3:22–30 | **31**<br>1 കോറി 10:31–11:1<br>ലൂക്കാ 14:25–33 | **1**<br>റോമാ 8:1–11<br>മർക്കോ 12:28–33 | **2**<br>റോമാ 14:13–23<br>മർക്കോ 12:28–33 | **3**<br>റോമാ 2:17–24<br>മത്താ 15:10–20<br>2 കോറി 1:3–7<br>മത്താ 9:35–10:1 |



പാവനസ്മരണയ്ക്ക്




## 15-ാം ചരമവാർഷികം

17 - 07 - 2024

**മഠത്തിപറമ്പിൽ**
**ലോനപ്പൻ**
# അന്നാമ

സ്നേഹസ്മരണകളോടെ
മക്കൾ, മരുമക്കൾ
പേരക്കുട്ടികൾ

---





## 5th Death Anniversary

31-07-2024

**ചാലിശ്ശേരി**
**കുറ്റൂക്കാരൻ**
**വറീത്**
# ഈനാശു

**തെക്കേപ്പുറം**
**കുന്നംകുളം**

ദുഃഖസ്മരണകളോടെ :
കുടുംബാംഗങ്ങൾ




Published by : Chief Editor, Touchme, Kunnamkulam - for Private Circulation only
Printed at : Nirmala Hiprint Pvt. Ltd. Thrissur - Layout : Mcube Graphics KKM